2026
APRIL
18
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വേനൽമഴയുടെ ഇടവേളകളിലെ ഉഷ്ണതരംഗം കേരള തീരത്തിന് ഭീഷണി: കാലാവസ്ഥ ശാസ്ത്രജ്ഞർ

**കൊച്ചി:** വേനൽ മഴയുടെ ഇടവേളകളിൽ കേരളത്തിലെ തീരദേശ പ്രദേശങ്ങൾ ഈർപ്പമുള്ള ഉഷ്ണതരംഗങ്ങൾക്ക് ഇരയാകുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞർ കണ്ടെത്തി. മൺസൂൺ ഇടവേളകളിൽ സംസ്ഥാനത്തെ തീരദേശ ജില്ലകൾ ഉയർന്ന തോതിൽ ഈർപ്പമുള്ള ഉഷ്ണതരംഗ സാധ്യത നേരിടുന്നതായാണ് യു കെയിലെ റീഡിങ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനം വെളിവാക്കുന്നത്. യുകെ, ഇന്ത്യ എന്നിവിടങ്ങളിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിയ പഠനവിവരങ്ങൾ ക്ലൈമറ്റ് ഡയനാമിക്സ് ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഡിംഗ് യൂണിവേഴ്സിറ്റിയിലെ നാഷണൽ സെന്റർ ഫോർ അറ്റ്മോസ്ഫെറിക് സയൻസ് ആൻഡ് ഡിപ്പാർട്ട്മെന്റ് ഓഫ് മെറ്റീരിയോളജിയിലെ ഡോ. അക്ഷയ് ദേവറസിന്റെ നേതൃത്വത്തിൽ ലീഡ്സ് യൂണിവേഴ്സിറ്റി, യു കെ മെറ്റ് ഓഫീസ്, ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജി എന്നിവടങ്ങളിൽ വിദഗ്ദരാണ് പഠനം നടത്തിയത്.

ഇത്തരത്തിൽ വർധിക്കുന്ന ഉഷ്ണതരംഗം കേരളത്തിൽ വലിയ അപകടസാധ്യത ഉയർത്തിക്കാട്ടുന്നു എന്ന് പഠനം മുന്നറിയിപ്പ് നൽകുന്നു. പ്രധാനമായും താപനില അധിഷ്ഠിതമായ പരമ്പരാഗത ഉഷ്ണതരംഗങ്ങളിൽ നിന്ന് വ്യത്യസ്തമായി കാണപ്പെടുന്ന ഉയർന്ന ആർദ്രത ഈ സാഹചര്യത്തെ കൂടുതൽ തീവ്രമാക്കുന്നു. തീരദേശ ജില്ലകളിൽ ഈ ഉഷ്ണസമ്മർദ്ദം വർദ്ധിക്കുമ്പോൾ അത് അവിടത്തെ ജനങ്ങൾക്കിടയിൽ അപകടകരമായ വിധത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യത ഉണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു.

'ഉൾനാടൻ പ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തീരദേശ ജില്ലകളിൽ വേനൽക്കാല മൺസൂൺ സമയത്ത് ഈർപ്പമുള്ള ഉഷ്ണതരംഗ സാധ്യത കൂടുതലാണെന്ന് ഞങ്ങളുടെ പഠന ഫലങ്ങൾ സൂചിപ്പിക്കുന്നുവെന്ന് യു കെയിലെ റീഡിംഗ് സർവകലാശാല പ്രൊഫസറുമായ ഡോ. അക്ഷയ് ദേവറസ് പറയുന്നു. പൊതുവേ, മൺസൂൺ ഒരു ഇടവേള ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഈ പ്രദേശങ്ങളിൽ ഈർപ്പമുള്ള ഉഷ്ണതരംഗ സാധ്യത വർദ്ധിക്കുന്നുവെന്നും പഠനത്തിന്റെ മുഖ്യ രചയിതാവ് കൂടിയായ ഡോ. അക്ഷയ് ദേവറസ് ചൂണ്ടിക്കാട്ടുന്നു. 'വെറ്റ് ബൾബ് ടെംപെറേച്ചർ' എന്ന സങ്കേതം ഉപയോഗിച്ച് അളക്കുന്ന ഈ പ്രതിഭാസം വരണ്ട ചൂടിനേക്കാൾ അപകടകരമാണ്. കാരണം, വായുവിൽ ഈർപ്പം കൂടുതലായാൽ ശരീരത്തിന്റെ പ്രധാന തണുപ്പിക്കൽ പ്രക്രിയയായ വിയർപ്പിന്റെ ആവിയാകൽ മന്ദഗതിയിലാവുകയോ പൂർണ്ണമായി നിലച്ചുപോകുകയോ ചെയ്യുന്നു. ഇതോടെ ശരീരത്തിന്റെ താപനില ഉയരുകയും, ഹൃദയരക്ത ധമനികളിൽ സമ്മർദ്ദം ഉണ്ടാകുകയും, ചില മണിക്കൂറുകൾക്കുള്ളിൽ തന്നെ ഹീറ്റ്സ്ട്രോക്ക് സംഭവിക്കാനിടയാകുകയും ചെയ്യുന്നു. താപനില സാധാരണ പോലെ തോന്നാമെങ്കിലും ശരീരത്തെ ബാധിക്കുന്ന ഫലം അത്ര സാധാരണയല്ല.

ഇത്തരം അപകടകരമായ കാലാവസ്ഥാ സാഹചര്യം നാല് ആഴ്ചകൾ മുൻപേ പ്രവചിച്ചു കണ്ടെത്താനും അതനുസരിച്ചുള്ള മുന്നൊരുക്കങ്ങൾ നടത്താനുമാകും എന്നും പഠനം വ്യക്തമാക്കുന്നു. നാല് ആഴ്ചത്തെ മുന്നറിയിപ്പ് ജാലകം ഉള്ളതിനാൽ ആശുപത്രികളിൽ ജീവനക്കാരെ ക്രമീകരിക്കാനും, ശീതീകരണ കേന്ദ്രങ്ങൾ തുറക്കാനും, സ്കൂളുകൾ സമയം മാറ്റാനും, വർദ്ധിച്ച ആവശ്യകതയ്ക്കായി തയ്യാറെടുക്കാൻ വൈദ്യുതി സേവന ദാതാക്കൾക്ക് സമയം നൽകാനും കഴിയുമെന്ന് ഗവേഷകർ പറയുന്നു.

യൂറോപ്യൻ സെന്റർ ഫോർ മീഡിയംറേഞ്ച് വെതർ ഫോർകാസ്റ്റിന്റെ ആഗോള പുനർവിശകലന ഡാറ്റാ സെറ്റായ ഈറ 5, ഇന്ത്യാ മെറ്റീരിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള മഴ രേഖകൾ എന്നിവ ഉപയോഗിച്ച് 84 വർഷത്തെ അന്തരീക്ഷ ഡാറ്റ (1940 മുതൽ 2023 വരെ) ഗവേഷകർ വിശകലനം ചെയ്തു. ആ കാലയളവിൽ, 261 സജീവ മൺസൂൺ സംഭവങ്ങളും 188 ബ്രേക്ക് എപ്പിസോഡുകളും സംഘം തിരിച്ചറിഞ്ഞു. ഓരോന്നിനും മുമ്പും, സമയത്തും, ശേഷവും ഈർപ്പമുള്ള ഉഷ്ണതരംഗ സാധ്യത എങ്ങനെ മാറി എന്ന് ട്രാക്ക് ചെയ്തു.

ചൂടുള്ള വേനൽക്കാലം കണക്കിലെടുക്കുമ്പോൾ, ഇന്ത്യയിൽ വരണ്ട ഉഷ്ണതരംഗങ്ങളെക്കുറിച്ച് ആളുകൾ കൂടുതൽ ബോധവാന്മാരാണെന്ന് പലപ്പോഴും കാണുന്നു, പക്ഷേ ഈർപ്പമുള്ള ചൂട് അത്ര അറിയപ്പെടാത്തതിനാൽ അത് കൂടുതൽ അപകടകരമാണ്. ആഴ്ചകൾക്ക് മുമ്പേ തന്നെ ഈ മൺസൂൺ രീതികൾ പ്രവചിക്കാൻ കഴിയുന്നതിനാൽ, ആളുകളെ തയ്യാറാക്കാനും സംരക്ഷിക്കാനും സാധിക്കുമെന്നും ഡോ. ദേവറസ് പറഞ്ഞു.

# ഒന്നാം ക്ലാസ് പ്രവേശനം: കുറഞ്ഞ പ്രായം ആറ് വയസെന്ന് സി.ബി.എസ്.ഇ

## ആറ് വയസ് തികയാൻ മൂന്നുമാസം ബാക്കിയുള്ളവർക്കും പ്രവേശനം

**കൊച്ചി:** ഒന്നാം ക്ലാസ് പ്രവേശനത്തിന് കുറഞ്ഞ പ്രായം ആറ് വയസ് തന്നെയാണെന്ന്സി.ബി.എസ്.ഇ വ്യക്തമാക്കി. ആറ് വയസ് തികയാൻ മൂന്നുമാസം ബാക്കിയുള്ളവർക്കും പ്രവേശനം അനുവദിക്കാൻ ഇളവ് ലഭിക്കുമെന്ന് അധികൃതർ അറിയിച്ചു. കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് കേരള (സി.സി.എസ്.കെ) സംഘടിപ്പിച്ച സ്കൂൾ മാനേജ്മെന്റുകളുടെയും പ്രിൻസിപ്പൽമാരുടെയും ജില്ലാതല യോഗത്തിൽ സി.ബി.എസ്.ഇ പരീക്ഷാ കൺട്രോളർ, ഡോ. സന്യം ഭർദ്വാജ്, അഫിലിയേഷൻ ജോയിന്റ് സെക്രട്ടറി ജയപ്രകാശ് ചതുർവേദി എന്നിവരാണ് ഇക്കാര്യം വിശദീകരിച്ചത്.

ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി) 2020 ഉം വിദ്യാഭ്യാസ അവകാശ നിയമവും (ആർ.ടി.ഇ) അനുസരിച്ച് ക്ലാസ് ഒന്ന് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായം ആറുവയസാണെന്ന് അധികൃതർ ആവർത്തിച്ചു. നിശ്ചിത പ്രായത്തിന് മൂന്നുമാസം മുമ്പും മൂന്നുമാസം ശേഷവും പ്രവേശനം നൽകാൻ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിലെ അക്കാഡമിക് കലണ്ടറുകളിലും പ്രവേശനരീതികളിലുമുള്ള വ്യത്യാസങ്ങൾ മൂലമുണ്ടാകുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനം സഹായകരമാകും. പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ ബോർഡ് പരീക്ഷ എഴുതുന്നതിന് വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. പ്രായപരിധി സംബന്ധിച്ച അർഹത സംസ്ഥാന സർക്കാരുകളുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും.

കായികരംഗത്തെപ്പോലെ പ്രായം അക്കാഡമിക് പ്രകടനത്തെ നിർണയിക്കുന്ന ഘടകമല്ലാത്തതിനാൽ ഉൾക്കൊള്ളുന്നതും സൗകര്യപ്രദവുമായ സമീപനമാണ് സി.ബി.എസ്.ഇ പിന്തുടരുന്നതെന്ന് അധികൃതർ പറഞ്ഞു.

2026-27 അദ്ധ്യയന വർഷത്തെ അക്കാഡമിക് തയ്യാറെടുപ്പുകൾ സി.ബി.എസ്.ഇയുടെ പുതുക്കിയ നയങ്ങൾക്കനുസരിച്ച് ശക്തിപ്പെടുത്താനാണ് യോഗം ചേർന്നത്. സി.സി.എസ്.കെ പ്രസിഡന്റും ഭവൻസ് കൊച്ചി കേന്ദ്ര ഡയറക്ടറുമായ ഇ. രാമൻകുട്ടി വാര്യർ യോഗം ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം നടത്തിയ നാഷണൽ കൗൺസിൽ ഓഫ് സി.ബി.എസ്.ഇ സ്കൂൾസ് (എൻ.സി.സി.എസ്) ജനറൽ സെക്രട്ടറി ഡോ. ഇന്ദിര രാജൻ അക്കാദമികവും ഭരണപരവുമായ പ്രധാന വിഷയങ്ങൾ വിവരിച്ചു. സി.സി.എസ്.കെ ജനറൽ സെക്രട്ടറി സുചിത്ര ഷൈജിന്ത് അദ്ധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു. സ്കൂളുകളുടെ അക്കാദമിക്, ഭരണപരമായ തയ്യാറെടുപ്പുകൾ ശക്തിപ്പെടുത്താൻ സംസ്ഥാനതല യോഗം ചേരാൻ തീരുമാനിച്ചു



## ഇന്നത്തെ പരിപാടി

### കൊച്ചി

■ **എറണാകുളം ലോട്ടസ് ക്ലബ്ബ്:** എറണാകുളം ബ്രിഡ്ജ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലോട്ടസ് ബ്രിഡ്ജ് ടൂർണമെന്റ് രാവിലെ 10 മുതൽ.

■ **കൊച്ചി മുതലിയാർ ഭാഗം രാമശേ്വരം ശിവക്ഷേത്രം:** ഉൽവസത്തോടനുബന്ധിച്ച് പുലർച്ചെ അഞ്ചു മുതൽ പതിവ് പൂജകൾ. തുടർന്ന് അഭിഷേകം, ശിവാനന്ദ ലഹരി ഉച്ചയ്ക്ക് ഒരു മണിക്ക് പ്രസാദമൂട്ട്, തുടർന്ന് വൈകുന്നേരം പുഷ്പാഭിഷേകം, ശാസ്ത്രീയ നൃത്തം.

**ഇടപ്പള്ളി സെന്റ് ജോർജ്ജ് ദേവാലയം:** നാൽപ്പതു മണി ആരാധനയും ദിവ്യകാരുണ്യപ്രദക്ഷിണവും സമൂഹ ദിവ്യബലിയും രാവിലെ 6.30 മുതൽ. ദിവ്യകാരുണ്യ സന്ദേശം വൈകിട്ട് 5.30. തുടർന്ന് വിശുദ്ധ കുർബ്ബാന.

### കളമശേരി

■ **കളമശേരി ചാക്കോളാസ് പവലിയൻ:** അഡ്വാൻസഡ് എൻഡോഗൈനക്കോളജി അന്താരാഷ്ട്ര കോൺഫ്രൻസ് രാവിലെ 10 മുതൽ.

### തിരുവാങ്കുളം

■ **മാമല മുരിയമംഗലം ക്ഷേത്രം:** ഉൽസവത്തിനോടനുബന്ധിച്ചുള്ള വലിയ വിളക്കിന്റെ ഭാഗമായി എഴുന്നള്ളിപ്പ് വൈകുന്നേരം 05 ന്, സംഗീതാർച്ചന 06.30ന്, വിളക്കിനെഴുന്നള്ളിപ്പ്, പള്ളിവേട്ട രാത്രി 11 ന്.

### തൃപ്പൂണിത്തുറ

■ **എരൂർ മുതുകുളങ്ങര സന്താനഗോപാല ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം:** ശീവേലി രാവിലെ 08 ന്, പകൽപ്പൂരം വൈകുന്നേരം 04 ന്, ഓട്ടൻ തുള്ളൽ 05 ന് , വിളക്കിനെഴുന്നള്ളിപ്പ് രാത്രി 09 ന്, പാണ്ടിമേളം രാത്രി 10 ന്.

### കാലടി

■ **കാലടി സഹകരണ ബാങ്ക് ഹാൾ:** യുഡിഎഫ് മഞ്ഞപ്ര മണ്ഡലം തിരഞ്ഞെടുപ്പ് അവലോകനയോഗം വൈകിട്ട് 06.00 ന്

### മലയാറ്റൂർ

■ **മലയാറ്റൂർ കുരിശുമുടി സെന്റ് തോമസ് പള്ളി:** എട്ടാമിടം തിരുന്നാൾ ആഘോഷമായ ദിവ്യബലി വൈകിട്ട് 5.30 ന്.

# കാൻസർ സർജന്മാരുടെ ആഗോള ഉച്ചകോടി കൊച്ചിയിൽ

**കൊച്ചി:** സേനാധിപൻ എജ്യുക്കേഷൻ ഫൗണ്ടേഷന്റെയും (എസ്.ഇ.എഫ്.) ലേക്ഷോർ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ എച്ച്.പി.ബി. ജി.ഐ. (ഹെപ്പാറ്റോപാൻക്രിയാറ്റോബിലിയറി ആൻഡ് ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ) കാൻസർ സർജന്മാരുടെ ആഗോള ഉച്ചകോടി മേയ് ഒൻപത്, പത്ത് തീയതികളിൽ കൊച്ചി ഗ്രാൻഡ് ഹയാത്തിൽ നടക്കും. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള പ്രമുഖ കാൻസർ ശസ്ത്രക്രിയാ വിദഗ്ധർ ദ്വിദിന ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് സേനാധിപൻ എജ്യുക്കേഷൻ ഫൗണ്ടേഷൻ സ്ഥാപകൻ പ്രൊഫ. ഡോ. ബൈജു സേനാധിപൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇന്ത്യയിലെ എച്ച്പിബി ആൻഡ് ജിഐ ചികിത്സയുടെ വളർച്ചയ്ക്ക് നിർണായകമായ സംഭാവനകൾ നല്കിയ പ്രൊഫ. സമിരൻ നന്ദി, ബി. എം.എൽ കപൂർ , അനന്തകൃഷ്ണൻ എന്നിവരെ ചടങ്ങിൽ ആദരിയ്ക്കും.

എച്ച്.പി.ബി., ജി.ഐ. ചികിത്സാരംഗത്തെ നൂതന സംവിധാനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും ക്ലാസുകൾക്കും രാജ്യാന്തര വിദഗ്ധർ നേതൃത്വം നൽകും. ജപ്പാനിലെ എച്ച്.പി.ബി. സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രീറ്റ്മെന്റ് ഡയറക്ടർ പ്രൊഫ. ഗോ വകായാബാഷി, ടോക്കിയോ മെഡിക്കൽ സർവകലാശാലയിലെ പ്രൊഫ. നാഗാകാവ യുയിച്ചി, അമേരിക്കയിലെ ഒഹായോ ക്ലീവ്ലാൻഡ് ക്ലിനിക്കിലെ ഡോ. ഡേവിഡ് ക്വോൺ എന്നിവർ പരിപാടിയിൽ പങ്കെടുക്കും. ഇതിനുപുറമെ, ദേശീയതലത്തിൽ ശ്രദ്ധേയരായ നിരവധി കാൻസർ സർജന്മാരും ഗ്യാസ്ട്രോ എൻട്രോളജിസ്റ്റുകളും സമ്മേളനത്തിൽ സംസാരിക്കും. ലോകമെമ്പാടും അർബുദബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ഈ ആഗോള ഉച്ചകോടിക്ക് വലിയ പ്രാധാന്യമുണ്ടെന്നും കാൻസർ ചികിത്സയിലെ പുതിയ കത്തെലുകളെക്കുറിച്ചുള്ള ആഴത്തിലുള്ള ചർച്ചകൾക്ക് കൊച്ചി വേദിയാകുമെന്നും ഭാരവാഹികൾ പറഞ്ഞു.

ഗാസ്ട്രോ ഇന്റസ്റ്റൈനൽ കാൻസർ ചികിത്സ, റോബോട്ടിക് ഓങ്കോളജി, സർജിക്കൽ ഓങ്കോളജി തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും. മെഡിക്കൽ വിദ്യാർഥികൾക്കും സർജന്മാർക്കുമായി പ്രത്യേക പഠനക്ലാസുകളും പ്രാക്ടിക്കൽ സെഷനുകളും ഉച്ചകോടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

പാൻക്രിയാസ്, കരൾ, വൻകുടൽ, മലാശയം തുടങ്ങിയവയെ ബാധിക്കുന്ന കാൻസർ ചികിത്സയിൽ രോഗികൾക്ക് ഏറ്റവും ഗുണകരവും ആധുനികവുമായ ശസ്ത്രക്രിയാരീതികൾ ആരോഗ്യപ്രവർത്തകർക്ക് പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യമെന്ന് ഡോ. ബൈജു സേനാധിപൻ വ്യക്തമാക്കി. ലാപ്പറോസ്കോപ്പി സർജറിയിൽ മികച്ച പാടവം തെളിയിക്കുന്നവർക്കായി സേനാധിപൻ എജ്യുക്കേഷൻ ഫൗണ്ടേഷൻ നൽകിവരുന്ന 'ഏകലവ്യ' പുരസ്കാരത്തിന്റെ പ്രഖ്യാപനവും ഉച്ചകോടിയിൽ നടക്കും. വാർത്താസമ്മേളനത്തിൽ ഓർഗനൈസിങ് കമ്മിറ്റി ഭാരവാഹികളും സംബന്ധിച്ചു.


## അവധിക്കാല പരിശീലന ക്യാമ്പ് ആരംഭിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വേനലവധി പരിശീലന ക്യാമ്പ് ആരംഭിച്ചു. ഫുട്ബോൾ – ജില്ലാ സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം പനമ്പിള്ളിനഗർ, ഫെൻസിങ് – കടവന്ത്ര, ജൂഡോ – കാലടി, വോളീബോൾ – വരാപ്പുഴ, ബാസ്കറ്റ് ബോൾ – തേവര എന്നിവിടങ്ങളിലാണ് ക്യാമ്പ്. എട്ടു മുതൽ 14 വരെ വയസുകാരായ കുട്ടികൾക്ക് പങ്കെടുക്കാം. ഫോൺ നമ്പർ : 9746773012

## സംസ്കൃത സർവ്വകലാശാല : 21 ലെ പരീക്ഷകൾ മാറ്റി

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏപ്രിൽ 21ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ സെമസ്റ്റർ പരീക്ഷകളും മാറ്റി വച്ചു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.

ഷൂട്ട് @ സൈറ്റ്



**അന്തിപ്പൊൻവെട്ടം..............** *പരീക്ഷാച്ചൂടിന് വിരാമമിട്ട് മധ്യവേനൽ അവധിക്കായി സ്കുളുകൾ അടച്ചതോടെ എറണാകുളം പുതുവൈപ്പ് ബീച്ചിൽ സായാഹ്നത്തിൽ അവധിക്കാലം ആഘോഷമാക്കി പട്ടം പറത്തുന്ന കുട്ടികൾ.*

***ഫോട്ടോ: എ. എസ് സതീഷ്***

# ദുർമന്ത്രവാദ വിരുദ്ധ നിയമനിർമ്മാണം: പൊതുജന അഭിപ്രായം ക്ഷണിക്കുന്നു

**തിരുവനന്തപുരം:** കേരളത്തിൽ ദുർമന്ത്രവാദവും അമാനുഷിക ദുഷ്പ്രവൃത്തികളും തടയുന്നതിനുള്ള നിയമ നിർമ്മാണ ശുപാർശ തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ദ്ധസമിതി പൊതുജനങ്ങളിൽ നിന്നും ലിഖിത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു.

34 ദോഷകരമായ ആചാരങ്ങൾ മൂന്ന് വിഭാഗങ്ങളിലായി താൽക്കാലികമായി സമിതി പട്ടികപ്പെടുത്തിയിട്ടുണ്ട്. പട്ടിക കേരള ലോ റിഫോംസ് കമ്മീഷൻ വെബ്സൈറ്റിൽ (lawreformscommission.kerala.gov.in) ലഭ്യമാണ്.

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഏപ്രിൽ 27നകം lawreformskerala@gmail.com ൽ ഇ മെയിലായോ, കേരള നിയമപരിഷ്കരണ കമ്മീഷൻ, ടി.സി. 25/2450, സി.എസ്.ഐ. ബിൽഡിംഗ്, പുത്തൻചന്ത, തിരുവനന്തപുരം 695001 മേൽ വിലാസത്തിൽ തപാലിലോ അയക്കണം. കൂടുതൽ വിവരങ്ങൾക്ക് : 04712478788.

# സംസ്കൃത സർവ്വകലാശാലയിലെ ശങ്കരജയന്തി ആഘോഷങ്ങൾ: ഗവർണർ പങ്കെടുക്കും; സംഘാടക സമിതി രൂപീകരിച്ചു

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശങ്കര ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് രൂപീകരിച്ച സംഘാടക സമിതിയുടെ യോഗം നടന്നു.

ശങ്കര ജയന്തി ദിനമായ ഏപ്രിൽ 21ന് ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സർവ്വകലാശാല കാലടി മുഖ്യകാമ്പസിലുള്ള യൂട്ടിലിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ രാവിലെ 10.30ന് ശങ്കര ജയന്തി ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അറിയിച്ചു.

സംഘാടക സമിതി ജനറൽ കൺവീനറും സിൻഡിക്കേറ്റ് അംഗവുമായ ആർ. അജയൻ, സംഘാടക സമിതി ജോയിന്റ് കൺവീനർമാരും സിൻഡിക്കേറ്റ് അംഗങ്ങളുമായ ഡോ. വിനീത് ആർ. എസ്, അഡ്വ. കെ. എസ്. അരുൺകുമാർ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, കൺവീനർമാരായ പ്രൊഫ. ജി. നാരായണൻ, ഡോ. സുനിൽകുമാർ ആർ. ഡി, ടീച്ചർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. കെ. ഭവാനി, ഡോ. യമുന കെ., ഡോ. രതി ടി. എസ്, പബ്ലിക് റിലേഷൻസ് ഓഫീസർ ജലീഷ് പീറ്റർ എന്നിവർ പ്രസംഗിച്ചു.

# ഓപ്പറേഷൻ ബ്രേക്ക്ത്രൂ; ശുചീകരണ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശം

## നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്ന വില്പനക്കെതിരെ കർശന നടപടി

**കൊച്ചി:** നഗരത്തിലെ വെള്ളക്കെട്ട് ഭീഷണി ഒഴിവാക്കുന്നതിനായുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ (OBT) പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.



*കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഭീഷണി ഒഴിവാക്കുന്നതിനായുള്ള 'ഓപ്പറേഷൻ ബ്രേക്ക്ത്രൂ' (OBT) പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പു പ്രതിനിധികളുടെ യോഗം ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്നപ്പോൾ.*

നഗരത്തിലെ കാനകളുടെയും തോടുകളുടെയും ശുചീകരണത്തിനായി പ്രത്യേക 'ക്ലീനിംഗ് കലണ്ടർ' തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 1-ന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ മേയ് 15-ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡെപ്യൂട്ടി കളക്ടറുടെയും ജൂനിയർ സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ സ്വതന്ത്ര പരിശോധനകൾ നടത്തും.

മുല്ലശ്ശേരി കനാലുമായി ബന്ധപ്പെട്ട് പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചു.

കെഎസ്ഇബി, പിഡബ്ല്യുഡി എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 1.24 കോടി രൂപ കോർപ്പറേഷൻ അനുവദിക്കും. ടി.പി കനാലിന്റെ ഒന്ന്, നാല് റീച്ചുകൾ പൂർത്തിയായി. രണ്ടും മൂന്നും റീച്ചുകൾ ഏപ്രിൽ 30-നകം പൂർത്തിയാക്കും. കനാൽ മുഖം വൃത്തിയാക്കുന്നത് മേയ് 15-നകം തീർക്കാൻ കോർപ്പറേഷന് നിർദ്ദേശം നൽകി.

കനാലുകളിലേക്ക് മാലിന്യം തള്ളുന്നത് തടയാൻ എട്ടു സ്ഥലങ്ങളിൽ 1.5 കോടി രൂപ ചെലവിൽ 'ഫ്ളോട്ടിംഗ് ട്രാഷ് ബൂമുകൾ' സ്ഥാപിക്കും. കെഎസ്ആർടിസി സ്റ്റാൻഡ് പരിസരത്തെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഏപ്രിൽ 15-നകം ശുചീകരണം നടത്താനും കടകൾ പുനരധിവസിപ്പിക്കാനും തീരുമാനിച്ചു.

കമ്മട്ടിപ്പാടത്തെ കൾവർട്ടുകളുടെ നിർമ്മാണം ഏപ്രിൽ അവസാനത്തോടെ പൂർത്തിയാക്കാൻ റെയിൽവേയ്ക്ക് നിർദ്ദേശം നൽകി. എന്നാൽ മറ്റ് 25 കൾവർട്ടുകളുടെ ശുചീകരണം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ഗൗരവമായി കാണുന്നതായി ജില്ലാ കളക്ടർ പറഞ്ഞു.

കലൂർ അറവുശാലയിൽ നിന്നുള്ള രക്തവും മാലിന്യവും വനപ്രദേശങ്ങളിലേക്കും ജലാശയങ്ങളിലേക്കും തള്ളുന്നതിനെതിരെ കർശന നടപടി സ്വീകരിക്കാൻ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ചേരാനല്ലൂരിൽ പുതിയ അറവുശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ പ്രത്യേകം യോഗം വിളിക്കും.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ നിരോധനം കർശനമാക്കുന്നതിന്റെ ഭാഗമായി ഗോഡൗണുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്താനും തീരുമാനിച്ചു. ഇത്തരം പ്ലാസ്റ്റിക്ക് വസ്തുക്കൾ ആരോഗ്യത്തിനും പരിസ്ഥിക്കും വലിയ ദോഷം സൃഷ്ടിക്കുന്നതായി ജില്ലാ കളക്ടർ പറഞ്ഞു.

നഗരത്തിലെ വിവിധ ഭാഗങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ചോക്ക് പോയിന്റുകൾ തിരിച്ചറിയുന്നതിനും ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുമായി കോർപ്പറേഷൻ, ഇറിഗേഷൻ, ദുരന്തനിവാരണ വിഭാഗം, പിഡബ്ല്യുഡി എന്നിവരുടെ സംയുക്ത വർക്ക്ഷോപ്പും സംഘടിപ്പിക്കും.

മുണ്ടംവേലി പി ആൻഡ് ടി ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ചു മെയ് രണ്ടിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന യോഗം തീരുമാനമെടുക്കും. കോയിത്തറ കനാലിന്റെ തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ കോർപറേഷൻ സെക്രട്ടറിക്ക് നിർദേശം നൽകി.

# ഗാർഹിക പാചകവാതക വിതരണം: ജില്ലാ എൽ.പി.ജി ഫോറം മെയ് 5ന്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഗാർഹിക പാചകവാതക വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും വിതരണ രംഗത്തെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ജില്ലാ എൽ.പി.ജി ഫോറം മെയ് 5-ന് രാവിലെ 11.30-ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അഡിഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിൽ ചേരും. പാചകവാതക വിതരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ അവ പരാതിയായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിലോ സിറ്റി റേഷനിങ് ഓഫീസിലോ നൽകാം. ഏപ്രിൽ 20-ന് വൈകുന്നേരം 5.00 വരെ ലഭിക്കുന്ന പരാതികളാണ് എൽ.പി.ജി ഫോറത്തിൽ പരിഗണിക്കുക. പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ വിവിധ ഓയിൽ കമ്പനി പ്രതിനിധികൾ, ഗ്യാസ് ഏജൻസി പ്രതിനിധികൾ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

# ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 സി കൺവെൻഷൻ നാളെ

**കൊച്ചി:** ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 സിയുടെ ഇരുപത്തിരണ്ടാമത് കൺവെൻഷൻ നാളെ കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് ഡിസ്ട്രിക്ട് ഗവർണർ കെബി ഷൈൻ കുമാർ, ക്യാബിനറ്റ് സെക്രട്ടറി സജി ചമേലി, ട്രഷറർ വർഗീസ് ജോസഫ്, ജനറൽ കൺവീനർ ജോസഫ് മാത്യു, മീഡിയ സെക്രട്ടറി കുമ്പളം രവി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

മുൻ ഇന്റർനാഷണൽ ഡയറക്ടർ രാമകൃഷ്ണമൂർത്തി കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. 19 ന് രാവിലെ 8 30ന് രജിസ്ട്രേഷൻ ആരംഭിക്കും. തുടർന്ന് എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള 178 ക്ലബ്ബുകളുടെ ബാനർ പ്രസന്റേഷൻ, പത്തിന് കൺവെൻഷൻ ഉദ്ഘാടനം, 11 ന് കഴിഞ്ഞ 9 മാസമായി ഡിസ്ട്രിക്ട് തലത്തിലും സൗത്ത് ഇന്ത്യൻ തലത്തിലും ഉൾപ്പെടെ നല്ല പ്രവർത്തനം കാഴ്ചവച്ച ലയൺസ് ഭാരവാഹികളെ ആദരിക്കൽ ചടങ്ങ്, 12 30ന് 2025-2026 വർഷത്തിൽ മരണപ്പെട്ടു പോയ മെമ്പർമാരുടെ ഓർമ്മയ്ക്കു മുന്നിൽ പ്രണാമം അർപ്പിക്കൽ, തുടർന്ന് വരവ് ചെലവ് കണക്കുകൾ, പ്രവർത്തന റിപ്പോർട്ടുകൾ അവതരപ്പിക്കും. മൂന്നു മണി മുതൽ നാലുമണി വരെ അടുത്ത വർഷത്തേക്കുള്ള ഗവർണർ, വൈസ് ഗവർണർ തിരഞ്ഞെടുപ്പ് കൺവെൻഷൻ നടക്കും. ഏരിയ ലീഡർ വി അമർനാഥ്, ലയൺസ് കേരള പ്രസിഡന്റ് രാജൻ നമ്പൂതിരി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുക്കും.

# നാളികേര വികസന ബോർഡിന്റെ മാസചന്ത ചൊവ്വാഴ്ച

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉൽപ്പാദിപ്പിച്ച നല്ലയിനം തെങ്ങിൻ തൈകൾ ഏപ്രിൽ 21 ന് നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നടക്കുന്ന മാസചന്തയിൽ വിൽപ്പന നടത്തുന്നു.

തൈകൾ ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

21 ന് മാത്രമായിരിക്കും വിൽപന. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്. ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485-2554240.

# ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അവസരം; ജില്ലാ സാക്ഷരതാ മിഷൻ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ 2026-27 വർഷത്തെ ഇന്റേൺഷിപ്പ് പദ്ധതിയിലേക്ക് ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സാക്ഷരതാ മിഷന്റെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നേടാനും പദ്ധതികളുടെ ഭാഗമാകാനും അവസരം ലഭിക്കും. താല്പര്യമുള്ള വിദ്യാർത്ഥികൾ ekm.literacy@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അപേക്ഷകൾ അയക്കേണ്ടതാണ്.

ഒന്നിലധികം അപേക്ഷകരുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ളവർ അപേക്ഷകൾ ഏകോപിപ്പിച്ച്, സ്ഥാപന മേധാവിയുടെ ശിപാർശ കത്തോടെ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ 500 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതുണ്ട്. കൂടുതൽ വിവരങ്ങൾക്കായി കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുമായി നേരിട്ടോ അല്ലെങ്കിൽ 0484-2426596 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 18.

# ഷവോമി റെഡ്മി എ7 പ്രോ 5ജി ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** ഷവോമി ഇന്ത്യ റെഡ്മി എ7 പ്രോ 5ജി സ്മാർട്ട്ഫോൺ ഇന്ത്യയിൽ അവതരിപ്പിച്ചു. റെഡ്മി എ സീരീസിലെ ആദ്യ പ്രോ മോഡലായ ഈ ഫോൺ, നിത്യ ആവശ്യങ്ങൾക്കായി ശക്തമായ ഹാർഡ്‌വെയറും ലളിതമായ സോഫ്റ്റ്‌വെയർ അനുഭവവും ഒരുമിച്ച് നൽകുന്നു. റെഡ്മി എ സീരീസിൽ ആദ്യമായി ഹൈപ്പർ ഒഎസ് 3.0 എത്തുന്നു. റെഡ്മി എ7 പ്രോ 5ജിയിൽ 32എംപി എഐ ഡ്യുവൽ റിയർ ക്യാമറയുണ്ട്. റെഡ്മി എ7 പ്രോ 5ജിയിൽ 17.53 സെ.മീ (6.9 ഇഞ്ച്) വലുപ്പമുള്ള 120 ഹെർട്സ് റിഫ്രെഷ് റേറ്റ് ഡിസ്‌പ്ലേയാണ് നൽകിയിരിക്കുന്നത്. 800 നിറ്റ്സ് വരെ പീക്ക് ബ്രൈറ്റ്നസ് പുറംവെളിച്ചത്തിലും വ്യക്തമായ കാഴ്ച നൽകുന്നു, വെറ്റ് ടച്ച് 2.0 നനഞ്ഞ കൈകളിലും കൃത്യമായ ടച്ച് റെസ്പോൺസ് നലകുന്നു, ടിയുവി റീൻലാൻഡ് ട്രിപ്പിൾ ഐ കംഫർട്ട് സർട്ടിഫിക്കേഷൻ, കണ്ണിന് സമ്മർദ്ദം കുറയ്ക്കുന്ന ഡിസി ഡിമ്മിങ് തുടങ്ങിവ സവിശേഷതകളുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. 6300 എംഎഎച്ച് ബാറ്ററിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 15വാട്സ് ചാർജിംഗ് (ബോക്സിൽ ചാർജർ), 7.5 വാട്സ് വയേർഡ് റിവേഴ്സ് ചാർജിംഗ്, ദീർഘകാല ബാറ്ററി ആരോഗ്യ സംരക്ഷണം എന്നിവയുണ്ട്. ഇതോടെ, റെഡ്മി എ7 പ്രോ 5ജി വലിയ ബാറ്ററിയോടുകൂടിയ ഏറ്റവും സ്ലിം സ്മാർട്ട്ഫോണായും മാറുന്നു.

ഒക്ടാകോർ 5ജി പ്രോസസറാണ് റെഡ്മി എ7 പ്രോ 5ജിയിൽ പ്രവർത്തിക്കുന്നത്. 8ജിബി വരെ വെർച്വൽ റാം വിപുലീകരണത്തിനുള്ള പിന്തുണയോടെ, ഉപകരണം മൾട്ടിടാസ്കിംഗ് കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നു, സുഗമമായ ആപ്പ് സ്വിച്ചിംഗും മെച്ചപ്പെട്ട പ്രതികരണശേഷിയും ഉറപ്പാക്കുന്നു. റെഡ്മി എ7 പ്രോ 5ജി ആമസോൺ ഇന്ത്യ, എംഐ.കോം, റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ ലഭ്യമാകും. ബ്ലാക്ക്, മിസ്റ്റ് ബ്ലൂ, സൺസെറ്റ് ഓറഞ്ച് എന്നീ നിറങ്ങളിൽ ലഭ്യമാണ്. ഏപ്രിൽ 15 മുതൽ വിൽപ്പന ആരംഭിക്കും.

## ഇഎംഇഎ കോളേജിന്റെ വിജയക്കുതിപ്പിന് അന്ത്യം; ജയിച്ചുകയറി കാലിക്കറ്റ് എഫ്സി

**കോഴിക്കോട്:** കേരള പ്രീമിയർ ലീഗിൽ ഇഎംഇഎ കോളേജിന്റെ അപരാജിത കുതിപ്പ് അവസാനിപ്പിച്ച് കാലിക്കറ്റ് എഫ്സി. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ മത്സരത്തിൽ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്കാണ് കാലിക്കറ്റിന്റെ ജയം. കാലിക്കറ്റ് എഫ്സിക്കായി മനോജ് എം (85), അരുൺ കുമാർ (90+5) എന്നിവർ ഗോളുകൾ നേടി. ഗ്രൂപ്പ് എയിലെ കരുത്തർ തമ്മിലുള്ള മത്സരത്തിൽ, ഇഎംഇഎ കോളേജിന്റെ പ്രതിരോധത്തിലെ പിഴവിൽ ആദ്യ പത്ത് മിനിറ്റിൽത്തന്നെ ലീഡ് നേടാനുള്ള സുവർണാവസരം കാലിക്കറ്റ് എഫ്സിക്ക് ലഭിച്ചു. എന്നാൽ മുന്നേറ്റ താരം ഷംനാദിന് അത് മുതലെടുക്കാൻ സാധിച്ചില്ല. അതിനുശേഷം തുടർച്ചയായ ആക്രമണങ്ങളുമായി കാലിക്കറ്റ് മത്സരത്തിന്റെ കടിഞ്ഞാൺ കയ്യിലെടുത്തു. വിങ്ങുകളിലൂടെയുള്ള മുന്നേറ്റങ്ങൾക്കാണ് കാലിക്കറ്റ് കൂടുതൽ മുൻതൂക്കം നൽകിയത്.

22-ാം മിനിറ്റിൽ ഗോൾ നേടാൻ ഇഎംഇഎ കോളേജിന് അവസരം ലഭിച്ചെങ്കിലും കാലിക്കറ്റിന്റെ ഗോൾകീപ്പർ ബിഷോർജിത് സിംഗ് രക്ഷകനായി. ലഭിച്ച അവസരങ്ങൾ വലയിലെത്തിക്കാൻ ഇരു ടീമുകളും പരാജയപ്പെട്ടതോടെ ആദ്യ പകുതി ഗോൾരഹിതമായി അവസാനിച്ചു. രണ്ടാം പകുതിയിൽ ആക്രമണത്തിലൂന്നിയാണ് കാലിക്കറ്റ് കളി തുടങ്ങിയത്. എതിർ ബോക്സിലേക്ക് പന്തെത്തിക്കാൻ ടീമിന് പലതവണ സാധിച്ചെങ്കിലും ഗോൾ മാത്രം അകന്നുനിന്നു. 76-ാം മിനിറ്റിൽ ഗനി നിഗം തൊടുത്ത ഷോട്ട് ഗോൾകീപ്പർ തടുത്തിട്ടു. മിനിറ്റുകൾക്ക് ശേഷം പ്രതിരോധ നിരയിൽനിന്നുള്ള പന്തുമായി കുതിച്ച ഇഎംഇഎ കോളേജിന്റെ ആക്രമണത്തെ വിഫലമാക്കി ബിഷോർജിത് സിംഗ് കാലിക്കറ്റിന് വീണ്ടും ആത്മവിശ്വാസം നൽകി. തുടർച്ചയായ ശ്രമങ്ങൾക്കൊടുവിൽ 85-ാം മിനിറ്റിൽ കാലിക്കറ്റ് എഫ്സി തങ്ങളുടെ ആദ്യ ഗോൾ കണ്ടെത്തി. സന്ദീപ് എടുത്ത കോർണർ കിക്ക് ഫാർ പോസ്റ്റിൽ സ്വീകരിച്ച റിജോൺ പന്ത് ബോക്സിലേക്ക് നൽകി. ആ ക്രോസിൽ തലവെച്ച മനോജിന് പിഴച്ചില്ല; ഗോൾകീപ്പറെ മറികടന്ന് പന്ത് വലയിൽ. ടേബിൾ ടോപ്പേഴ്സിനെതിരെ കാലിക്കറ്റ് എഫ്സി ലീഡ് സ്വന്തമാക്കി. മത്സരത്തിന്റെ അധികസമയത്ത് (90+5) അരുൺ കുമാറിന്റെ മനോഹരമായ ഹാഫ് വോളിയിൽ ലീഡ് ഇരട്ടിയാക്കിയതോടെ കാലിക്കറ്റ് എഫ്സി ജയം ഉറപ്പിച്ചു. നിലവിലെ ടേബിൾ ടോപ്പേഴ്സിനെ അട്ടിമറിച്ചാണ് ടീം ഈ വിജയം ആഘോഷിച്ചത്. ഏപ്രിൽ 28-ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സിക്കെതിരെയാണ് ക്ലബ്ബിന്റെ ഗ്രൂപ്പ് ഘട്ടത്തിലെ അവസാന മത്സരം.

# 5,000 വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകി സാംസങ്




**കൊച്ചി:** ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തമിഴ്നാട്ടിലെ 5,000 വിദ്യാർത്ഥികൾക്ക് സാംസങ് ഇന്നൊവേഷൻ കാമ്പസ് (എസ്ഐസി) പ്രോഗ്രാമിന് കീഴിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് കൊടുത്തു. ഇത് സംസ്ഥാനത്തെ വളർന്നുവരുന്ന ഇലക്ട്രോണിക്സ്, ഇന്നൊവേഷൻ ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്ന് സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യയിലെ സിഎസ്ആർ ആൻഡ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് മേധാവി ശുഭം മുഖർജി പറഞ്ഞു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(2,200), കോഡിംഗ് ആൻഡ് പ്രോഗ്രാമിംഗ്(1,700), ബിഗ് ഡാറ്റ(600), ഇന്റർനെറ്റ് ഓഫ് തിംഗ്സ്(500) എന്നിമേഖലകളിലായി വ്യവസായ പ്രസക്തവും ഭാവി-സാങ്കേതിക വൈദഗ്ധ്യവും എസ്ഐസി വിദ്യാർത്ഥികളെ സജ്ജമാക്കുകയും വിദ്യാഭ്യാസത്തിൽ നിന്ന് തൊഴിലിലേക്ക് കൂടുതൽ ഫലപ്രദമായി മാറാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

എസ്ഐസിക്ക് കീഴിൽ ഇന്ത്യയിലുടനീളം പരിശീലനം ലഭിച്ച 20,000 യുവാക്കളിൽ നാലിലൊന്ന് ഭാഗവും തമിഴ്നാട്ടിലാണ്. തമിഴ്നാട്ടിലെ പങ്കാളികളിൽ 71% സ്ത്രീകളാണ്. മദ്രാസ് സർവകലാശാല, അണ്ണാ സർവകലാശാല, ക്വീൻ മേരീസ് കോളേജ് (ചെന്നൈ), മുഹമ്മദ് സതക് എജെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് (ചെന്നൈ), കെപിആർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (കോയമ്പത്തൂർ) എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പരിശീലനവും സർട്ടിഫിക്കേഷനും നടത്തിയത്.

സാംസങ് സോൾവ് ഫോർ ടുമാറോ, സാംസങ് ഡോസ്റ്റ് തുടങ്ങിയ സംരംഭങ്ങൾക്കൊപ്പം എസ്ഐസി ഇന്ത്യയുടെ ഡിജിറ്റൽ സ്കില്ലിംഗ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. ഇന്ത്യയിൽ 30 വർഷം പിന്നിടുന്ന സാംസങ്, വിദ്യാഭ്യാസവും ഡിജിറ്റൽ ഉൾപ്പെടുത്തലും മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുന്നത് തുടരുമെന്ന് സംസങ് അറിയിച്ചു.

# ഇന്ത്യയിൽ വിപുലീകരണത്തിനൊരുങ്ങി ഹിൽട്ടൺ, 125 ഹാംപ്ടൺ ബൈ ഹിൽട്ടൺ ഹോട്ടലുകൾ തുറക്കും




**കൊച്ചി:** ആഗോള ഹോസ്പിറ്റാലിറ്റി രംഗത്തെ പ്രമുഖരായ ഹിൽട്ടൺ, ഇന്ത്യയിലെ തങ്ങളുടെ സാനിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി റോയൽ ഓർക്കിഡ് ഹോട്ടൽസ് ലിമിറ്റഡിന്റെ സബ്സിഡിയറിയായ റെജെന്റാ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡുമായി തന്ത്രപ്രധാനമായ കരാറിൽ ഒപ്പിട്ടു. ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയിലുടനീളം 125 ഹാംപ്ടൺ ബൈ ഹിൽട്ടൺ ഹോട്ടലുകൾ ആരംഭിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ വർധിച്ചുവരുന്ന ആഭ്യന്തര യാത്രക്കാരുടെ എണ്ണവും വളരുന്ന മധ്യവർഗത്തിന്റെ ആവശ്യങ്ങളും കണക്കിലെടുത്താണ് ഹിൽട്ടണിന്റെ ഈ നീക്കം. പ്രധാനമായും ഗോവ, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിലാകും ഈ ഹോട്ടലുകൾ വികസിപ്പിക്കുക.

126 രാജ്യങ്ങളിലായി 24 വ്യത്യസ്ത ബ്രാൻഡുകളിലായി 7,600ലധികം ഹോട്ടലുകളുള്ള ലോകത്തെ മുൻനിര ഹോസ്പിറ്റാലിറ്റി കമ്പനിയാണ് ഹിൽട്ടൺ. ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ഹോട്ടൽ ശൃംഖലകളിലൊന്നാണ് റോയൽ ഓർക്കിഡ് ഹോട്ടൽസ് ലിമിറ്റഡ്. ലക്ഷ്വറി, മിഡ്സ്കെയിൽ വിഭാഗങ്ങളിൽ റെജെന്റാ, റോയൽ ഓർക്കിഡ് ബ്രാൻഡുകൾക്ക് കീഴിൽ നിരവധി ഹോട്ടലുകൾ ഇവർക്കുണ്ട്. ഇന്ത്യൻ ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾക്കനുസരിച്ചുള്ള സേവനങ്ങളും സൗകര്യങ്ങളും, ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട സൗഹൃദപരമായ അതിഥി സൽക്കാരം, അംഗങ്ങൾക്ക് ഡിജിറ്റൽ ചെക്ക് ഇൻ, പ്രത്യേക ഡിസ്കൗണ്ടുകൾ തുടങ്ങിയ ആനുകൂല്യങ്ങൾ ഹാംപ്ടൺ ബൈ ഹിൽട്ടൺ വാഗ്ദാനം ചെയ്യുന്നു.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും അടിസ്ഥാന സൗകര്യ വികസനവും യാത്രാ മേഖലയിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവരുന്നതെന്നും, റോയൽ ഓർക്കിഡ് ഗ്രൂപ്പുമായുള്ള ഈ പങ്കാളിത്തം പ്രാദേശിക ഓപ്പറേറ്റർമാരുമായി ചേർന്ന് ഹിൽട്ടൺ ബ്രാൻഡിന്റെ ഗുണനിലവാരം നിലനിർത്തിക്കൊണ്ട് വിപണി വേഗത്തിൽ കീഴടക്കാൻ ഞങ്ങളെ സഹായിക്കുമെന്നും ഹിൽട്ടൺ ഏഷ്യ പസഫിക് പ്രസിഡന്റ് ആലൻ വാട്ട്സ് പറഞ്ഞു.

ഹിൽട്ടണുമായി കൈകോർക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്നും രാജ്യത്തെ മിഡ് മാർക്കറ്റ് ഹോസ്പിറ്റാലിറ്റി മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ പങ്കാളിത്തത്തിന് സാധിക്കുമെന്നും റോയൽ ഓർക്കിഡ് ഗ്രൂപ്പ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ചന്ദർ ബൽജി പറഞ്ഞു.


സൊസൈറ്റി ടുഡേ
SOCIETY TODAY

# സൗരോർജ്ജത്തിൽനിന്നും പാചകം; ഓഫ് ഗ്രിഡ് സോളാർ കുക്കിംഗ് ടെക്നോളജി അവതരിപ്പിച്ച് സെലക്റ്റ്

**ചെന്നൈ:** പൂർണമായും സൗരോർജ്ജത്തിൽനിന്നും പാചകം സാധ്യമാകുന്ന ഓഫ് ഗ്രിഡ് സോളാർ കുക്കിംഗ് ടെക്നോളജി അവതരിപ്പിച്ച് സൗരോർജ മേഖലയിലെ പ്രമുഖരായ സെലക്റ്റ് എനർജി സിസ്റ്റംസ് ലിമിറ്റഡ്. തമിഴ് പുതുവർഷമായ പുത്താണ്ടിനോടനുബന്ധിച്ചാണ് പുതിയ ടെക്നോളജി അവതരിപ്പിച്ചത്. പുരയിടങ്ങളിൽ സ്ഥാപിച്ച സോളാർ പാനലുകളിനിന്നും നേരിട്ട് ഊർജം ഉത്പാദിപ്പിച്ച് പാചകം നടത്താം. നിലവിൽ വിപണിയിൽ ലഭ്യമായ ഇൻഡക്ഷൻ സ്റ്റവുകളിൽ ടെക്നോളജി ഉപയോഗിക്കാമെന്നതാണ് പ്രത്യേകത. കാർബൺ ബഹിർഗമനം ഇല്ലാതാക്കുന്നതിനുപുറമെ ദീർഘകാല അടിസ്ഥാനത്തിൽ ഗ്യാസ്, വൈദ്യുതി ചാർജുകളിനിന്ന് രക്ഷനേടാനും ടെക്നോളജി സഹായിക്കും.

രാജ്യവ്യാപകമായി ക്ലീൻ എനർജി സാധ്യമാക്കുകയെന്ന കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഓഫ് ഗ്രിഡ് സോളാർ കുക്കിംഗ് ടെക്നോളജി അവതരിപ്പിക്കുന്നതെന്ന് സെലക്റ്റ് എനർജി സിസ്റ്റംസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഡോ. അരുൾകുമാർ ഷൺമുഖസുന്ദരം പറഞ്ഞു. കമ്പനിയുടെ ഗവേഷണ വികസന വിഭാഗത്തിന്റെയും എഞ്ചിനീയർമാരുടെയും ശ്രമഫലമായാണ് കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച ടെക്നോളജി പുറത്തിറക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആദ്യഘട്ടത്തിൽ കുറഞ്ഞ യൂണിറ്റുകളാണ് വിപണിയിലെത്തിക്കുന്നത്. ഉത്പാദനശേഷി വർധിപ്പിക്കുന്നതോടെ വ്യവസായിക അടിസ്ഥാനത്തിൽ കൂടുതൽ യൂണിറ്റുകൾ പുറത്തിറക്കുമെന്നും കമ്പനി വ്യക്തമാക്കി.

# ഷവോമി ടിവി എസ് മിനി എൽഇഡി സീരീസ് ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഷവോമി ടിവി എസ് മിനി എൽഇഡി സീരീസ് പുറത്തിറക്കി. രാജ്യത്ത് ഷവോമിയുടെ ആദ്യ മിനി എൽഇഡി ടെലിവിഷൻ സീരീസായ ഇത്, ഹോം എന്റർടെയിൻമെന്റിനെ കൂടുതൽ പ്രീമിയവും അനുഭവകേന്ദ്രീകൃതവുമായ തലത്തിലേക്ക് കൊുപോകുന്ന ഒരു വലിയ ചുവടുവയ്പ്പാണെന്ന് ഷവോമി ഇന്ത്യ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അനുജ് ശർമ പറഞ്ഞു. നൂതനമായ മിനി എൽഇഡി സാങ്കേതികവിദ്യയിൽ നിർമ്മിച്ച ഈ സീരീസ്, സമ്പന്നമായ കോൺട്രാസ്റ്റ്, സന്തുലിതമായ തെളിച്ചം, കൂടുതൽ വിശദമായ ദൃശ്യങ്ങൾ എന്നിവയ്ക്കൊപ്പം സ്ക്രീനിലേക്ക് ഉയർന്ന വർണ്ണവും വ്യക്തതയും നൽകുന്നു.

ഷവോമി മിനി എൽഇഡി ടിവികളിൽ, ഡിസ്പ്ലേയുടെ പ്രകടനം അടിസ്ഥാനപരമായി മെച്ചപ്പെടുത്തുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പാനലിലുടനീളം തെളിച്ചത്തിന്റെയും ദൃശ്യതീവ്രതയുടെയും മികച്ച മാനേജ്മെന്റിലൂടെ, ബാക്ക്ലൈറ്റിംഗിൽ കൂടുതൽ കൃത്യമായ നിയന്ത്രണം പ്രാപ്തമാക്കുന്നു. ഇത് ആഴത്തിലുള്ള കറുപ്പ്, തിളക്കമുള്ള ഹൈലൈറ്റുകൾ, കൂടുതൽ സ്ഥിരതയുള്ള ചിത്ര നിലവാരം എന്നിവയ്ക്ക് കാരണമാകുന്നു. വലിയ ഡിസ്പ്ലേകളിലേക്കുള്ള നീക്കം അനിവാര്യമായിക്കൊണ്ടിരിക്കുകയാണ്.

ഉയർന്ന റെസല്യൂഷനുള്ള സ്ട്രീമിംഗ്, ലൈവ് സ്പോർട്സ് മുതൽ ഗെയിമിംഗും കുടുംബ കാഴ്ചയും വരെ, ഇന്നത്തെ ഉള്ളടക്കത്തിന് വലുപ്പവും വ്യക്തതയും ആവശ്യമാണ്. 55 ഇഞ്ച്, 65 ഇഞ്ച്, 75 ഇഞ്ച് എന്നീ സ്ക്രീനുകളിൽ ലഭ്യമാകുന്ന ഷവോമി ടിവി എസ് മിനി എൽഇഡി സീരീസ്, സ്വീകരണമുറിയുടെ ശ്രദ്ധാ കേന്ദ്രമാകാനായി രൂപകൽപ്പന ചെയ്തിരിക്കുന്നു, എല്ലാ സ്ക്രീൻ വലുപ്പങ്ങളിലും മൂർച്ചയുള്ളതും സന്തുലിതവും ആഴത്തിലുള്ളതുമായ ഒരു വിപുലമായ കാഴ്ചാനുഭവം നൽകുന്നു. ഐ കെയർ മോഡ്, ക്വിക്ക് വേക്ക്, ക്വിക്ക് സെറ്റിംഗ്സുകളുള്ള ഒരു ഇൻട്യൂട്ടീവ് റിമോട്ട് തുടങ്ങിയ സവിശേഷതകൾ അനുഭവം ലളിതവും ദൈനംദിന ഉപയോഗത്തിന് സുഖകരവുമാണെന്ന് ഉറപ്പാക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# തസ്വ കോഴിക്കോട് ആദ്യ സ്റ്റോർ തുറന്നു



**കോഴിക്കോട്:** ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിന്റെ പുതിയ മെൻസ്‌വെയർ ബ്രാൻഡായ തസ്വ, കോഴിക്കോട് മാവൂർ റോഡിൽ ആദ്യ സ്റ്റോർ തുറന്നു. പ്രശസ്ത ഡിസൈനർ തരുൺ തഹിലിയാനിയുമായി സഹകരിച്ചാണ് പുതിയ സ്റ്റോർ. 3,600 ചതുരശ്ര അടിയിലുള്ള സ്റ്റോറിൽ കുർത്തകൾ, ഷെർവാണികൾ, ബന്ദ്ഗലകൾ, അച്ച്കൻസ് എന്നിവ കൂടാതെ വിവാഹ-ഉത്സവ ആവശ്യങ്ങൾക്ക് അനുയോജ്യമായ ആക്സസറികൾ എന്നിവയുടെ തെരഞ്ഞെടുത്ത ശേഖരവും ലഭ്യമാണ്.

കോഴിക്കോടിന്റെ തനത് പാരമ്പര്യവും ഷോപ്പിംഗ് ശൈലിയും മനസിലാക്കിയാണ് തസ്വ കോഴിക്കോടേക്ക് വരുന്നത്. പാരമ്പര്യ കരകൗശലവും ആധുനിക ഡിസൈനും സംയോജിപ്പിക്കുന്നതിലൂടെ ഉയർന്ന നിലവാരത്തിലുള്ള വസ്ത്രങ്ങൾ നൽകുക എന്നതാണ് ബ്രാൻഡിന്റെ ലക്ഷ്യം.സിൽക്ക്, ബനാരസി ബ്രോക്കേഡ്, വെൽവെറ്റ് തുടങ്ങിയ ഫാബ്രിക്കുകളും സാർഡോസി, ചികൻകാരി പോലുള്ള എംബ്രോയ്ഡറി രീതികളും ഉൾക്കൊള്ളുന്ന ശേഖരങ്ങൾ ലാളിത്യവും ഗുണമേന്മയും മുൻനിർത്തിയാണ് ഒരുക്കിയിരിക്കുന്നത്. മാവൂർ റോഡിലെ കല്യാൺ ജൂവലേഴ്സിന് സമീപത്തുള്ള ബോംബെ ടവറിലാണ് ഈ പുതിയ സ്റ്റോർ തുറന്നിട്ടുള്ളത്.

# സങ്കീർണ്ണമായ ശ്വസനരോഗങ്ങൾ; ശ്രദ്ധേയമായി കോംപ്ലെക്സ് എയർവേ സിംപോസിയം



**കൊച്ചി:** ശ്വാസനാള സംബന്ധമായ രോഗങ്ങളുടെ നവീന ചികിത്സാരീതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇന്ത്യയിൽ ആദ്യമായി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച അമൃത കോംപ്ലെക്സ് എയർവേ സിംപോസിയം ശ്രദ്ധേയമായി. വിവിധ സ്പെഷ്യാലിറ്റികളിലെ പ്രമുഖ വിദഗ്ധർ പങ്കെടുത്ത സമ്മേളനത്തിൽ സങ്കീർണ്ണ എയർവേ രോഗങ്ങളുടെ മാനേജ്മെന്റിനെക്കുറിച്ചുള്ള പുതിയ സമീപനങ്ങൾ ചർച്ചയായി. ശ്വാസനാളത്തിലുണ്ടാകുന്ന തടസ്സങ്ങൾ, എക്മോയുടെ സഹായത്തോടെയുള്ള ശ്വസനപ്രക്രിയ, നവജാതശിശുക്കളിലെ ശ്വാസനാളിയിലെ വൈകല്യങ്ങൾ തുടങ്ങിയ അതീവ ഗുരുതരമായ സാഹചര്യങ്ങളെ എങ്ങനെ ഫലപ്രദമായി നേരിടാം എന്നതിലൂന്നിയായിരുന്നു സിംപോസിയം സംഘടിപ്പിച്ചത്. ഓക്സിജനേഷൻ, വെന്റിലേഷൻ, അനസ്തീഷ്യ എന്നീ മേഖലകളിൽ സുരക്ഷിതവും പ്രായോഗികവുമായ മാർഗ്ഗനിർദേശങ്ങൾ വിദഗ്ധർ പങ്കുവെച്ചു. ത്രീഡി പ്രിന്റിംഗ്, വെർച്വൽ റിയാലിറ്റി വെർച്വൽ ബ്രോങ്കോസ്കോപ്പി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ശ്വാസനാളത്തിലെ സങ്കീർണ്ണതകൾ മനസ്സിലാക്കുന്ന രീതിയും സിമ്പോസിയത്തിൽ പ്രദർശിപ്പിച്ചു. ഇതിനുപുറമെ, വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ബ്രോങ്കോസ്കോപ്പിയിലും മറ്റ് അത്യാധുനിക എയർവേ മാനേജ്മെന്റ് ഉപകരണങ്ങളിലും ഡോക്ടർമാർക്ക് പ്രായോഗിക പരിശീലനം നൽകുന്ന സിമുലേഷൻ സെഷനുകളും സംഘടിപ്പിച്ചു. സങ്കീർണ്ണമായ ശ്വസന പ്രശ്നങ്ങളുള്ള രോഗികൾക്ക് ശസ്ത്രക്രിയയ്ക്കിടയിലും അല്ലാതെയും എങ്ങനെ സുരക്ഷിതമായി ഓക്സിജനും അനസ്തേഷ്യയും നൽകാം എന്നതിനെക്കുറിച്ച് കൃത്യമായ മാർഗ്ഗരേഖകൾ സിംപോസിയം മുന്നോട്ടുവെച്ചു. അക്കാദമിക് രംഗത്തെ മികച്ച നിലവാരവും നൂതനമായ ചികിത്സാ രീതികളും പരിഗണിച്ച് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഈ സിമ്പോസിയത്തിന് രണ്ട് ക്രെഡിറ്റ് പോയിന്റുകൾ അനുവദിച്ചു. ശ്വാസനാള ചികിത്സാ രംഗത്ത് ആധുനിക അറിവുകളും സഹകരണവും വർദ്ധിപ്പിക്കുന്നതിൽ ഈ സംരംഭം വലിയൊരു ചുവടുവെപ്പാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.വി.ബീന, കാർഡിയാക് അനസ്തീഷ്യ വിഭാഗം മേധാവി ഡോ. തുഷാര മഠത്തിൽ, പീഡിയാട്രിക് കാർഡിയാക് അനസ്തീഷ്യ സ്പെഷ്യലിസ്റ്റ് ഡോ. ശ്രീലക്ഷ്മി, പ്രശസ്ത സീനിയർ കാർഡിയാക് അനസ്തീഷ്യോളജിസ്റ്റും ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ തോറാസിക് അനസ്തീഷ്യോളജിസ്റ്റ്സ് മുൻ പ്രസിഡന്റും അന്നൽസ് ഓഫ് കാർഡിയാക് അനസ്തീഷ്യ മുൻ എഡിറ്റർ ഇൻ ചീഫുമായ ഡോ. പ്രവീൺ കുമാർ നീമ, സീനിയർ പീഡിയാട്രിക് കാർഡിയാക് അനസ്തീഷ്യോളജിസ്റ്റും നിരവധി യുവ ഡോക്ടർമാരുടെ മെന്ററുമായ ഡോ.ബി.രാഖി, സീനിയർ ഡിഫിക്കൽട്ട് എയർവേ സ്പെഷ്യലിസ്റ്റ് ഡോ. ജെറി പോൾ, സോളിഡ് ഓർഗൻ ട്രാൻസ്പ്ലാന്റ് അനസ്തീഷ്യോളജിസ്റ്റ് ഡോ. രേഖ എന്നിവർ പങ്കെടുത്തു.

# സ്മാർട്ട് ടി.വികൾ പുറത്തിറക്കി ലൂമിയോ



**കൊച്ചി :** ലൂമിയോ പുതിയ വിഷൻ 9 (2026) സ്മാർട്ട് ടി.വികൾ പുറത്തിറക്കി. 55 ഇഞ്ച്, 65 ഇഞ്ച് വേരിയന്റുകളിൽ ടി.വി ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ക്യുഡി മിനി എൽഇഡി ഡിസ്പ്ലേ, ഡോൾബി വിഷൻ, 144 ഹെർട്സ് റിഫ്രെഷ് റേറ്റ് എന്നിവയാണ് പ്രധാന സവിശേഷതകൾ. മീഡിയടെക് പെന്റോണിക് 700 ചിപ്സെറ്റ് ഉപയോഗിച്ചതിനാൽ സ്മൂത്ത് പ്രകടനം ഉറപ്പാക്കുന്നുവെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

65 ഇഞ്ച് മോഡൽ ഏപ്രിൽ 24 മുതൽ ആമസോൺ ഇന്ത്യയിലും ഫ്ളിപ്കാർട്ടിലും 72,999ക്ക് (ഓഫറുകൾക്ക് ശേഷം 64,999) ലഭ്യമാകും. 55 ഇഞ്ച് മോഡൽ മേയ് മാസത്തിൽ എത്തും.

കൂടാതെ വിഷൻ 7 (2026) മോഡലുകളും പുറത്തിറക്കി, 43 ഇഞ്ച്, 55 ഇഞ്ച് മോഡലുകൾക്ക് യഥാക്രമം 29,999, 39,999 എന്നിങ്ങനെയാണ് വിലയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ‘മാസ്’ ലുക്കുമായി യമഹ ഫാസിനോ 125 എഫ്ഐ



**കൊച്ചി:** നിരത്തുകളിലെ സ്റ്റൈൽ ഐക്കണായ യമഹ ഫാസിനോയുടെ പുത്തൻ പതിപ്പ് വിപണിയിലെത്തി. രൂപഭംഗിയിലും സാങ്കേതിക വിദ്യയിലും വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ‘ഫാസിനോ 125 എഫ്ഐ ഹൈബ്രിഡ്’ ഇന്ത്യ യമഹ മോട്ടോർ അവതരിപ്പിച്ചത്. 1.5 ദശലക്ഷം ഉപഭോക്താക്കൾ എന്ന വലിയ നാഴികക്കല്ല് പിന്നിട്ടതിന്റെ ആഘോഷവേളയിലാണ് പ്രീമിയം ഡിസൈനുമായി പുതിയ മോഡൽ എത്തുന്നത്. പുതുതലമുറ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി സ്കൂട്ടറിന്റെ പിൻഭാഗത്തെ ഡിസൈനിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. നീളം വർദ്ധിപ്പിച്ച റിയർ സെക്ഷൻ, പുതുക്കിയ ടെയിൽ ലൈറ്റുകൾ, ഇൻഡിക്കേറ്ററുകൾ, സിഗ്നേച്ചർ വി ആകൃതിയിലുള്ള ടെയിൽ ലാമ്പ് എന്നിവ പുതിയ മോഡലിന് കൂടുതൽ പ്രീമിയം ലുക്ക് നൽകുന്നു. ടേൺബൈടേൺ നാവിഗേഷൻ, ആൻസർ ബാക്ക് സൗകര്യമുള്ള കളർ ടി.എഫ്.ടി ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ തുടങ്ങിയ ആധുനിക സവിശേഷതകളും ഇതിലുണ്ട്. 125 സിസി ബ്ലൂ കോർ ഹൈബ്രിഡ് എഞ്ചിനാണ് സ്കൂട്ടറിന് കരുത്ത് പകരുന്നത്. സ്മാർട്ട് മോട്ടോർ ജനറേറ്റർ സാങ്കേതികവിദ്യയിലൂടെ ശബ്ദമില്ലാതെ സ്റ്റാർട്ട് ചെയ്യാനും

പവർ അസിസ്റ്റ് വഴി മികച്ച വേഗത കൈവരിക്കാനും സാധിക്കും. കളർ ടി.എഫ്.ടി ക്ലസ്റ്റർ, നാവിഗേഷൻ, ആൻസർ ബാക്ക് ഫീച്ചർ തുടങ്ങിയ ആധുനിക സൗകര്യങ്ങളും പുതിയ പതിപ്പിലുണ്ട്. 76,500 രൂപ മുതൽ 95,200 രൂപ വരെയാണ് വിവിധ മോഡലുകളുടെ എക്സ് ഷോറൂം വില.

നഗര യാത്രകളെ പുതിയ അനുഭവമാക്കി മാറ്റുന്ന ഫാസിനോയുടെ ഈ പതിപ്പ് യുവാക്കളെയും കുടുംബങ്ങളെയും ഒരുപോലെ ആകർഷിക്കുമെന്ന് യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ചെയർമാൻ ഹാജിമെ അയോട്ട പറഞ്ഞു.

# അക്ഷയ തൃതീയക്ക് കിഴിവുമായി ക്രോമയുടെ ‘ഗോൾഡൻ ഡീലുകൾ’




**കൊച്ചി:** പ്രമുഖ ഇലക്ട്രോണിക്സ് റീട്ടെയിൽ ശൃംഖലയായ ക്രോമ അക്ഷയ തൃതീയ ആഘോഷങ്ങളുടെ ഭാഗമായി എയർ കണ്ടീഷണറുകൾ, വലിയ സ്ക്രീൻ ടെലിവിഷനുകൾ, സൗണ്ട് ബാറുകൾ തുടങ്ങിയവയ്ക്ക് 50 ശതമാനം വരെ കിഴിവു നൽകുന്ന ഗോൾഡൻ ഡീലുകൾ പ്രഖ്യാപിച്ചു. ഏപ്രിൽ 19ന് ലഭ്യമാകുന്ന ഈ ഓഫറുകളിൽ വിലക്കുറവിന് പുറമെ ക്യാഷ്ബാക്ക്, എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ, ലളിതമായ ഇഎംഐ സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. കൂടാതെ, ടാറ്റ ന്യൂ എച്ച്ഡിഎഫ്സി ബാങ്ക് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് തിരഞ്ഞെടുത്ത ആപ്പിൾ, ഗൂഗിൾ ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ ന്യൂകോയിനുകളായി 10 ശതമാനം വരെ ലാഭിക്കാനും സാധിക്കും. ഗോൾഡൻ ഡീലുകളുടെ ഇൻവെർട്ടർ എയർ കണ്ടീഷണറുകളിലെ തിരഞ്ഞെടുത്ത മോഡലുകൾക്ക് കുറഞ്ഞത് രണ്ട് ഇഎംഐകൾ സൗജന്യമായി ലഭിക്കുന്നതിന് പുറമെ 8,500 രൂപ വരെ എക്സ്ചേഞ്ച് ആനുകൂല്യവും ലഭിക്കും. ബ്ലൂ സ്റ്റാർ 1.5 ടൺ ഇൻവെർട്ടർ എസി 43 ശതമാനം കിഴിവിൽ 34,490 രൂപയ്ക്ക് ലഭ്യമാണ്. സാംസങ് 1.5 ടൺ ഇൻവെർട്ടർ എസി 51 ശതമാനം കിഴിവിൽ 38,990 രൂപയ്ക്ക് ലഭിക്കും. ക്രോമ ഒരു ടൺ ഇൻവെർട്ടർ എസി 26,590 രൂപയ്ക്കും ഗോദ്റെജ് 1.5 ടൺ ഇൻവെർട്ടർ എസി 28,383 രൂപയ്ക്കും ലഭിക്കും. എൽജി, സാംസങ്, സോണി, ക്രോമ തുടങ്ങിയ മുൻനിര ബ്രാൻഡുകളുടെ 55 ഇഞ്ചും അതിനു മുകളിലുമുള്ള ടിവികൾക്ക് കുറഞ്ഞത് 25 ശതമാനം കിഴിവ് ലഭിക്കും. സാംസങ് 55ഇഞ്ച് ക്യുഎൽഇഡി 4കെ ടിവി 41 ശതമാനം കിഴിവിൽ 50,990 രൂപയ്ക്ക് ലഭിക്കും. എഐ സാങ്കേതിക വിദ്യയിലുള്ള ക്യുഎൽഇഡി/ക്യുഎൻഇഡി ടിവികൾ പ്രതിമാസം 2,999 രൂപ മുതലുള്ള ഇഎംഐയിൽ ലഭ്യമാണ്. കൂടാതെ 75 ഇഞ്ചും അതിനു മുകളിലുമുള്ള ടിവികൾക്ക് ഒരു ഇഎംഐ സൗജന്യവുമാണ്. ഉത്സവ ആഘോഷങ്ങളുടെ ഭാഗമായി 25,000 രൂപയ്ക്ക് മുകളിലുള്ള ഉൽപ്പന്നങ്ങൾക്ക് 10 ശതമാനം ഡിസ്കൗണ്ട് (പരമാവധി 3,200 രൂപ വരെ) ക്രോമ വാഗ്ദാനം ചെയ്യുന്നു. മുൻനിര ബ്രാൻഡുകളുടെ തിരഞ്ഞെടുത്ത എയർ കണ്ടീഷണറുകൾ, റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, ടെലിവിഷനുകൾ, ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകൾ എന്നിവയ്ക്ക് ഈ ഓഫർ ബാധകമാണ്. കൂടാതെ, തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്ക് 15,000 രൂപ വരെ എക്സ്ചേഞ്ച് ബോണസും ലഭ്യമാണ്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എല്ലാ മാക്ബുക്കുകളും 10 ശതമാനം പ്രത്യേക ഡിസ്കൗണ്ടിൽ സ്വന്തമാക്കാമെന്നും എല്ലാ ക്രോമ സ്റ്റോറുകളിലും ഈ ഓഫറുകൾ ലഭ്യമാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com